34

# മുഖ്യവാക്കുകളും പദപ്രയോഗങ്ങളും

*ക്രിസ്തുവിന്റെ സംഭവത്തെ പ്രകടിപ്പിക്കുന്ന മുഖ്യവാക്കുകളും പദപ്രയോഗങ്ങളും നോക്കി ചിന്തിക്കുന്നതിലൂടെ നമുക്കു ക്രിസ്ത്യാനിത്വത്തിന്റെ സമ്പൂർണ്ണത എളുപ്പം പുനരവലോകനം ചെയ്യുവാൻ കഴിയും.*

*ദൈവികത്വം:* "ദൈവം" എന്നതു ദൈവത്തിന്റെ കുടുംബമായി ചിന്തിച്ചേക്കാം. ദൈവത്വം, അല്ലെങ്കിൽ ത്രിത്വം എന്നതു, പിതാവായ ദൈവവും, പുത്രനായ ദൈവവും (യേശു), പരിശുദ്ധാത്മാവു എന്ന ദൈവവുമാണ്. വ്യക്തിത്വത്തിലും പ്രവൃത്തിയിലും വെവ്വേറെ ആണെങ്കിലും, സത്തയിലും ഉദ്ദേശത്തിലും ദൈവം ഏകനാണ് (നോക്കുക 2 കൊരിന്ത്യർ 13:14). ഉദാഹരണമായി, യേശുവിന്റെ സ്നാനത്തിൽ, യേശു സ്നാനം ഏറ്റു, പിതാവായ ദൈവം സ്വർഗ്ഗത്തിൽ നിന്നു സംസാരിക്കുകയും, പരിശുദ്ധാത്മാവു പ്രാവെന്നപോലെ യേശുവിൽ വരികയും ചെയ്തു (മത്തായി 3:16, 17). നോക്കുക പ്രവൃത്തികൾ 17:29; റോമർ 1:20; കൊലൊസ്യർ 2:9 കെജെവിയിലാണ് അത്.

*പരിശുദ്ധ തിരുവെഴുത്തുകൾ:* ബൈബിളിൽ അറുപത്തി - ആറു പുസ്തകങ്ങളാണുള്ളത് (പഴയ നിയമത്തിൽ മുപ്പത്തി - ഒൻപതും പുതിയ നിയമത്തിൽ ഇരുപത്തി - ഏഴും) അതു പരിശുദ്ധാത്മാവിന്റെ നിയന്ത്രണത്താലും മേൽനോട്ടത്താലുമാണ് നമുക്കു നല്കപ്പെട്ടത്. തന്റെ മക്കൾ ആയിത്തീരുവാൻ ആഗ്രഹിക്കുന്നവർക്കായി ദൈവം ചെയ്തതും, ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നതും, അവൻ എന്തു ചെയ്യുമെന്നും അതു വ്യക്തമാക്കുന്നു. പഴയനിയമം അധികവും ദൈവിക ചരിത്രമാണ്, എന്നാൽ പുതിയനിയമം ക്രിസ്തീയ കാലത്തിലെ യേശുവിന്റെ അവസാന നിയമമാണ്. നോക്കുക, 2 തിമൊഥെയൊസ് 3:16, 17; 2 പത്രൊസ് 1:20, 21.

*അവതാരം:* ദൈവികത്വത്തിലെ രണ്ടാമത്തെ അംഗമായ യേശു, മനുഷ്യനായിത്തീർന്നു നമ്മുടെ ഇടയിൽ പാർത്തു. ദൈവം അയക്കുമെന്നു പറഞ്ഞ മശിഹയാണ് അവൻ. ദൈവപുത്രൻ എന്ന തന്റെ വ്യക്തിത്വം നഷ്ടപ്പെടുത്താതെയാണ് അവൻ സ്വർഗ്ഗം വിട്ടു മനുഷ്യനായത്. അവൻ പൂർണ്ണ ദൈവവും പൂർണ്ണ മനുഷ്യനും ആയിരുന്നു.

ലോകത്തിലെ സകല പാപഭാരവും വഹിപ്പാൻ ദൈവ - മനുഷ്യനു മാത്രമെ കഴിയുമായിരുന്നുള്ളൂ. നോക്കുക യോഹന്നാൻ 1:14; ഫിലിപ്പിയർ 2:5–8.

*യോഹന്നാൻ സ്നാപകൻ:* വരുവാനുള്ള മശിഹക്കു വഴി ഒരുക്കു വാനാണ് ഈ മനുഷ്യനെ ദൈവം നിയോഗിച്ചത്. യോഹന്നാൻ സ്നാപ കന്റെ പ്രസംഗത്തിലൂടെ ദൈവം ആളുകളെ യേശുവിന്റെ വരവിന്നായി ഒരുക്കി. യോഹന്നാൻ സ്നാപകൻ വ്യക്തിപരമായി യേശുവിനെ മശിഹയായി തിരിച്ചറിഞ്ഞിരുന്നു. നോക്കുക മത്തായി 3:1–12; മർക്കൊസ് 1:1–8; ലൂക്കൊസ് 3:1–20; യോഹന്നാൻ 1:29.

*യേശുവിന്റെ ഭൗമിക ശുശ്രൂഷ:* മുപ്പതാം വയസ്സിൽ, യേശു തന്റെ ഭൗമിക ശുശ്രൂഷ ആരംഭിച്ചു. മൂന്നിൽ - അധികം വർഷം അവൻ നമ്മുടെ പാപങ്ങൾക്കുവേണ്ടി മരിക്കുന്നതിനും തന്റെ വരുവാനുള്ള രാജ്യത്തിനും വേണ്ടിയുള്ള അടിസ്ഥാനം ഇട്ടു. ഈ സമയത്ത്, അവൻ രാജ്യത്തിന്റെ സുവിശേഷം പ്രസംഗിച്ചും, രോഗികളെ സൗഖ്യ മാക്കിയും, ദൈവം എന്തുപോലെ ആണെന്ന് കാണിച്ചുകൊടുത്തു. നോക്കുക മത്തായി 4:17; 11:4–6; മർക്കൊസ് 1:14, 15.

*അത്ഭുതങ്ങൾ:* അമാനുഷ പ്രവൃത്തികളെ സൂചിപ്പിച്ചുകൊണ്ടാണ് “അത്ഭുതങ്ങൾ,” “അടയാളങ്ങൾ,” “വീര്യപ്രവൃത്തികൾ” എന്നു പറ ഞ്ഞത്. അവ യേശുവിൽ ഉണ്ടായിരുന്ന ദൈവശക്തി വെളിപ്പെടുത്തി. അവൻ മരിച്ചവരെ ഉയിർപ്പിക്കയും, കുരുടർക്ക് കാഴ്ച്ച നല്കുകയും, ഭൂതങ്ങളെ പുറത്താക്കുകയും, മറ്റനേകം വീര്യപ്രവൃത്തികളും ചെയ്തി ട്ടുണ്ട്. യേശു ചെയ്ത അത്ഭുതങ്ങളെ അന്നത്തെ അവന്റെ അപ്പൊസ്ത ലന്മാരോ, അല്ലെങ്കിൽ ശേഷിച്ച ഒന്നാം നൂറ്റാണ്ടിലെ ദൈവശ്വാസിയരായ ആരും തന്നെ നിഷേധിച്ചില്ല. നോക്കുക. യോഹന്നാൻ 20:30, 31; എബ്രായർ 2:3, 4.

*പ്രവചനങ്ങളുടെ നിറവേറൽ (കഷ്ടാനുഭവ മുന്നറിയിപ്പുകൾ):* തനിക്കു നേരിടുവാനുള്ള വിചാരണയെക്കുറിച്ചും ക്രൂശിൽ മരിക്കുന്നതിനെ ക്കുറിച്ചും യേശു പലപ്പോഴും മുന്നറിയിച്ചിട്ടുണ്ട്. ലോകത്തിന്റെ രക്ഷക്കു താൻ അനുഭവിക്കുവാൻ പോകുന്നതെന്തെന്നു അവൻ വിശദമാക്കി യിരുന്നു. നോക്കുക മത്തായി 16:21–23; 20:18, 19.

*കർത്തൃമേശ:* തന്നെ പിടിക്കുന്ന രാത്രിയിൽ യേശു തന്റെ അപ്പൊസ്ത ലന്മാരുമൊത്ത് പെസഹ ഭക്ഷിച്ചപ്പോൾ, പുളിപ്പില്ലാത്ത അപ്പവും മുന്തിരിവള്ളിയുടെ അനുഭവവും എടുത്തു അവൻ കർത്തൃമേശ സ്ഥാപിച്ചുകൊടുത്തു, ഇതു ആചരിക്കുവാൻ തന്റെ അനുയായി കളോടു പറയുകയും ചെയ്തു (മത്തായി 26:26–29; മർക്കൊസ് 14:22–25; ലൂക്കൊസ് 22:19, 20). അവന്റെ അനുയായികൾ ഇതു തുടർച്ചയായി ആചരിച്ചിരുന്നു എന്നു പുതിയ നിയമം സൂചിപ്പിക്കുന്നു. ഓരോ

ഞായറാഴ്ച്ചയും അതായതു ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിൽ അവർ അതു ആചരിച്ചുവന്നു (പ്രവൃത്തികൾ 20:7), ആദ്യ ക്രിസ്ത്യാനികൾ അന്നാണ് ആരാധിക്കുവാൻ കൂടി വന്നത്. ഈ ആരാധനയിൽ, അവർ ദൈവത്തെ പാടി സ്തുതിച്ചു, പ്രാർത്ഥിച്ചു, കർത്തൃമേശയിൽ നിന്നു പങ്കിടുകയും, അവന്റെ വചനത്തെ പഠിക്കുകയും, സൽപ്രവൃത്തികൾക്കായി ധർമ്മശേഖരം നടത്തുകയും ചെയ്തു.

*ഗദ്ശമെന:* താൻ യെരുശലേമിൽ ആയിരുന്നപ്പോൾ യേശു മിക്കവാറും ഈ തോട്ടത്തിൽ പോയി പ്രാർത്ഥിക്കുമായിരുന്നു. തന്റെ ക്രൂശീകരണത്തിനു മുൻപു, അവൻ അവിടെ പോയി പ്രാർത്ഥിക്കുകയും, ലോകത്തിന്റെ പാപത്തിനുവേണ്ടിയുള്ള മരണം സംബന്ധിച്ചു അവസാന പദ്ധതിയും തയ്യാറാക്കി. താൻ പ്രാർത്ഥിച്ചിട്ടുള്ളവയിൽ വെച്ചു ഏറ്റവും വലിയ പ്രാർത്ഥനയായിരുന്നു ഗദ്ശമെനയിലേത്. നോക്കുക മത്തായി 26:36–46; മർക്കൊസ് 14:32–42; ലൂക്കൊസ് 22:39–46.

*യെഹൂദ വിചാരണകൾ:* റോം യെഹൂദന്മാരോടു പറഞ്ഞു, “നിങ്ങൾക്കു നിങ്ങളുടെ ആളുകളെ വിധിക്കാം, എന്നാൽ നിങ്ങളുടെ ദൈവാലയത്തെ ലംഘിച്ചിട്ടില്ലെങ്കിൽ ഞങ്ങളുടെ അനുവാദമില്ലാതെ നിങ്ങൾക്ക് ആരെയും മരണത്തിനു ഏല്പിക്കാവുന്നതല്ല. നിങ്ങളുടെ ദൈവാലയത്തെ ലംഘിക്കാത്ത ഒരാളെ നിങ്ങൾക്കു മരണശിക്ഷ നടപ്പാക്കുവാൻ, ഞങ്ങളുടെ അനുവാദം വേണം.” അതുകൊണ്ടു, യെഹൂദന്മാർ യേശുവിനെ ആദ്യം കൊണ്ടുപോയത് അവരുടെ യെഹൂദ പ്രമാണിമാരുടെ അടുത്തേക്കാണ് - ഹന്നാവു, കയ്യഫാവ്, ന്യായാധിപസഭ - അവർക്കു റോമൻ അധികാരികളുടെ അടുക്കൽ ബോധിപ്പിക്കേണ്ടതിന് യേശുവിനെതിരെ ഒരു കേസ് കൊണ്ടുവരുവാൻ വേണ്ടിയാണത്. റോമാക്കാർ തങ്ങളോടു യോജിക്കുകയും യേശുവിനെ ക്രൂശിക്കണമെന്നു ശഠിക്കുകയും ചെയ്തു. ഹന്നാവിനെ അറിയുവാൻ, നോക്കുക യോഹന്നാൻ 18:12, 13, 19–23; കയ്യഫാവിനെ, നോക്കുക മത്തായി 26:57; യോഹന്നാൻ 18:14, 24; ന്യായാധിപ സംഘത്തെ, നോക്കുക മത്തായി 26:59–68; 27:1, 2; മർക്കൊസ് 14:53–65; 15:1; ലൂക്കൊസ് 22:66–23:1.

*റോമാ വിചാരണകൾ:* യെഹൂദന്മാർ യേശുവിനെ, റോമൻ പ്രതിനിധിയായിരുന്ന പിലാത്തൊസിന്റെ അടുക്കൽ എത്തിച്ചു. പിലാത്തൊസ് അവരുടെ കേസുമായി യോജിച്ചില്ല, എന്നാൽ അവൻ ഒരു കുഴപ്പം ആഗ്രഹിച്ചില്ല. അവനെ ഒരു മൂലയിലേക്കു തള്ളി എങ്കിലും, അവസാനം അവരുടെ ആവശ്യത്തിനു വിട്ടുകൊടുത്തു. പിലാത്തൊസിന്റെ അടുക്കൽ നടന്ന ആദ്യ വിചാരണക്കു, നോക്കുക ലൂക്കൊസ് 23:1–7; ഹെരോദാവിന്റേത്, നോക്കുക ലൂക്കൊസ് 23:8–11; പിലാത്തൊസിന്റെ രണ്ടാം വിചാരണക്കു, നോക്കുക ലൂക്കൊസ് 23:11–25.

*ക്രൂശിൽ തറക്കൽ:* മരിക്കുന്നതുവരെ, മരത്തിലോ, അല്ലെങ്കിൽ ക്രൂശിലോ ക്രൂര കുറ്റവാളികളെ ക്രൂശിൽ തറക്കുന്ന രീതിയാണിത് (ഗലാത്യർ 3:13).

ചില കേസുകളിൽ കഷ്ടത ദിവസങ്ങൾ നീണ്ടുപോകും. റോമാ പൗരനെ ചാട്ടയടിക്കുകയോ ക്രൂശിൽ തറക്കുകയോ ചെയ്തിരുന്നില്ല. യെഹൂദന്മാർ സാധാരണ കല്ലെറിഞ്ഞു കൊന്നാണ് ശിക്ഷ നടപ്പാക്കി യിരുന്നത്; പക്ഷെ യേശുവിന്റെ കാര്യത്തിൽ, അവർ അവനെ ക്രൂശി ക്കുവാൻ നിർബ്ബന്ധിച്ചു. നോക്കുക മത്തായി 27:33–54; മർക്കൊസ് 15:20–39; ലൂക്കൊസ് 23:32–47; യോഹന്നാൻ 19:17–30.

*ഉയിർത്തെഴുന്നേല്പ്:* മൂന്നു ദിവസത്തോളം കല്ലറയിൽ കഴിഞ്ഞശേഷം (വെള്ളി, ശനി, ഞായർ), യേശു മരിച്ചവരിൽ നിന്നുയർത്തെഴുന്നേറ്റു കൊണ്ട്, മരണത്തിന്മേൽ തനിക്കുള്ള ശക്തി തെളിയിച്ചു. അവന്റെ അത്ഭു തകരമായ ഉയിർത്തെഴുന്നേല്പു തെളിയിക്കുന്നതു അവൻ ദൈവി കത്വത്തിലെ രണ്ടാമത്തെ അംഗം തന്നെ ആണെന്നാണ്. നോക്കുക മത്തായി 28; മർക്കൊസ് 16; ലൂക്കൊസ് 24; യോഹന്നാൻ 20; 21.

*സ്വർഗ്ഗാരോഹണം:* യേശു ഉയിർത്തെഴുന്നേറ്റു നാല്പതു ദിവസങ്ങൾ ക്കുശേഷം, സ്വർഗ്ഗാരോഹണം ചെയ്തു. അവൻ മേഘത്തിലൂടെ പിതാ വിങ്കലേക്കു ആരോഹണം ചെയ്തപ്പോൾ അവന്റെ അപ്പൊസ്തലന്മാർ സന്നിഹിതരായിരുന്നു. കാലാവസാനം അവൻ പോയതുപോലെ തിരിച്ചുവരുമെന്നു തിരുവെഴുത്തു പ്രഖ്യാപിക്കുന്നു (മത്തായി 26:64). നോക്കുക ലൂക്കൊസ് 24:51; പ്രവൃത്തികൾ 1:9–11.

*പെന്തെക്കൊസ്തുനാൾ:* യേശു സ്വർഗ്ഗാരോഹണം ചെയ്തു പത്തു ദിവസങ്ങൾക്കുശേഷമായിരുന്നു പെന്തെക്കൊസ്തുനാൾ. ഇതു യെഹൂ ദന്മാരുടെ മൂന്നു മുഖ്യ പെരുന്നാളുകളിൽ ഒന്നായിരുന്നു. ആ ദിവസം, പുതിയ നിയമത്തിന്റെ അടയാളമായി പരിശുദ്ധാത്മാവു അപ്പൊ സ്തലന്മാരുടെ മേൽ വന്നു, ദൈവസന്ദേശം വിശ്വസ്തമായും ശരി യായും സംസാരിക്കുന്നതിനും എഴുതുന്നതിനും അവരെ പ്രാപ്ത രാക്കി. സുവിശേഷം പ്രസംഗിച്ചപ്പോൾ, മൂവായിരം പേർ മാനസാന്തര പ്പെടുകയും അവരുടെ പാപമോചനത്തിനായി സ്നാനം ഏല്ക്കുകയും ചെയ്തു. ആ ദിവസം യേശു വാഗ്ദാനം ചെയ്തിരുന്ന സഭ നിലവിൽ വന്നു. നോക്കുക പ്രവൃത്തികൾ 2.

*വിശ്വാസം:* ഇതു യേശു ദൈവപുത്രനാണെന്നു സ്വീകരിക്കുന്നതും, ദൈവം പറഞ്ഞതു വിശ്വസിച്ചു ആശ്രയത്തോടും സ്നേഹത്തോടും അവന്റെ വചനം അനുസരിക്കുകയും ചെയ്യുന്നതാണ്. നോക്കുക റോമർ 10:17; എബ്രായർ 11:1.

*മാനസാന്തരം:* ദുഷ്പ്രവണതാ സ്വഭാവത്തോടുള്ള നമ്മുടെ മനോഭാവം മതിയാക്കുകയും ദൈവവചനം അനുസരിക്കുവാൻ തിരിയുന്നതുമാണ് മാനസാന്തരം. ക്രിസ്തീയ കാലത്തെ ദൈവത്തിന്റെ ഉപദേശത്തിനു സന്തോഷത്തോടെ സമർപ്പിക്കുക എന്നതാണ് പശ്ചാത്താപ ഹൃദയത്തിന്റെ പരിഹാരം. നോക്കുക പ്രവൃത്തികൾ 17:30; 1 തെസലൊനിക്യർ 1:9, 10.

*ഏറ്റു പറച്ചൽ*: ഇത് വായികൊണ്ടു യേശുക്രിസ്തു ദൈവപുത്രനാണെന്നു വിശ്വസിക്കുന്നതായി പ്രഖ്യാപിക്കുന്നതും അവന്റെ ദൈവികത്വത്തിന്റെ ഒരു ജീവിത – പ്രദർശനവും ആകുന്നു. നോക്കുക മത്തായി 10:32; റോമർ 10:10; 1 യോഹന്നാൻ 4:15.

*സ്നാനം:* ഒരു ആണോ പെണ്ണോ പാപമോചനത്തിനായി വെള്ളത്തിൽ മുങ്ങുമ്പോഴാണ് ഒരാൾ സ്നാനം ഏല്ക്കുന്നതു. സ്നാനം എന്നതു ഒരു വിശ്വാസ പ്രവൃത്തിയും ക്രിസ്തുവിന്റെ മരണം, അടക്കം, ഉയിർപ്പ് എന്നിവയുടെ അനുകരണവുമാകുന്നു. ആ നിമിഷത്തിലാണ് ഒരാൾ രക്ഷിക്കപ്പെടുന്നതും തന്റെ സഭയോടു ചേർക്കുകയും ചെയ്യുന്നത്. നോക്കുക മത്തായി 28:19, 20; പ്രവൃത്തികൾ 2:38, 41, 47; റോമർ 6:3, 4.

*സഭ*: അതിനെ ക്രിസ്തുവിന്റെ "ശരീരം" അല്ലെങ്കിൽ "രാജ്യം" എന്നും വിളിച്ചിട്ടുണ്ട്, സഭ എന്നതു ക്രിസ്തുവിന്റെ ആത്മിയ ശരീരമാണ് അതിൽ രക്ഷിക്കപ്പെട്ടവരാണ് ഉള്ളത്. അവന്റെ ശരീരമായ സഭ ദൈവത്തെ ആരാധിച്ചു ലോകത്തിൽ അവന്റെ പ്രവൃത്തി ചെയ്യുന്നു. യേശു തന്റെ പ്രവൃത്തി ഭൂമിയിലായിരുന്നപ്പോൾ ചെയ്തു, എന്നാൽ ഇപ്പോൾ അവൻ ആ പ്രവൃത്തി ചെയ്യുന്നതു തന്റെ ആത്മിയ ശരീരമായ, സഭയാലാണ്. നോക്കുക എഫെസ്യർ 1:22, 23; 3:21.

*വിശുദ്ധീകരണം:* അവന്റെ സ്നാനത്താൽ, ഒരു ക്രിസ്ത്യാനി കർത്താവിനാൽ ശുദ്ധീകരികരിച്ച് വേർതിരിക്കപ്പെടുന്നു. അവൻ ഈ ഭൂമി യിലെ ജീവിതകാലം മുഴുവൻ ഈ ശുദ്ധീകരണത്താൽ തുടർച്ചയായി വളർന്നു കൊണ്ടിരിക്കും. ദൈവത്തിന്റെ വചനം, ആരാധനകൾ, പ്രാർത്ഥനകൾ, കൊടുക്കൽ, പാപം ക്ഷമിക്കൽ എന്നിവ മനസ്സിലാക്കുകയും അവന്റെ സഹായം ആവശ്യമുള്ളവർക്കു ചെയ്തു കൊടുക്കുകയും ചെയ്യുമ്പോൾ, വിശുദ്ധിയിലും നിർമ്മലതയിലും അവൻ കൂടുതൽ ദൈവത്തെ പോലെ ആകുന്നു. നോക്കുക 1 കൊരിന്ത്യർ 1:1, 2; പ്രവൃത്തികൾ 20:32; എബ്രായർ 2:11; 10:14.

# "യേശുവിന്റെ മരണത്തോടു നാം എങ്ങനെ പ്രതികരിക്കണം?"

**ഇയാൻ ടെറി**

ഈ പുസ്തകം വായിക്കുമ്പോൾ, മനുഷ്യരോടുള്ള ദൈവത്തിന്റേയും യേശുവിന്റേയും വിലമതിക്കാനാകാത്ത സ്നേഹത്താൽ ഒരു പക്ഷെ നാം ഹൃദയസ്പർശികളായി തീർന്നേക്കാം. മനുഷ്യന്റെ ഭയങ്കരമായ പാപത്തിനു വിലയേറിയ യാഗം അർപ്പിക്കേണ്ടി വന്നതിനാൽ നമുക്കു മതിപ്പുണ്ടാകും. എല്ലാ കാലത്തേക്കും തന്റെ അനുഗ്രഹങ്ങൾ നമ്മിൽ വിപുലമായി തരുവാൻ ആഗ്രഹിക്കുന്ന, നമ്മെ സ്നേഹിക്കുന്ന ദൈവവുമായി തീർച്ചയായും, യോജിച്ചതായ ബന്ധം ഉണ്ടാവണമെന്ന് നാം ആഗ്രഹിക്കും.

പിന്നെ, എങ്ങനെ, ക്രൂശ് മുഖാന്തരം യേശു നമുക്കു ലഭ്യമാക്കിയ രക്ഷയും പാപമോചനവും കരസ്ഥമാകും? യേശു യാതന കൊണ്ട് നേടിത്തരുന്നതായ നിത്യജീവൻ നമുക്ക് എങ്ങനെ ലഭിക്കും?

താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾ നമുക്കു പരിഗണിക്കാം. അതുമായി ബന്ധപ്പെട്ട വാക്യങ്ങൾ നാം വായിക്കുമ്പോൾ അവന്റെ വചനം മുഖാന്തരം ദൈവം അവയ്ക്കുള്ള ഉത്തരം നല്കും. പഠനത്തിന്റെ അവസാനം *നിങ്ങളുടെ* പ്രതികരണം എന്തായിരിക്കും?

1. യേശു മരിച്ചു നേടിയ പാപമോചനം എന്തുകൊണ്ട് ആളുകൾക്ക് ആവശ്യമാണ്? (റോമർ 3:9-18, 23)

   ________________________________________

   അതിൽ നിങ്ങളും ഉൾപ്പെടുമോ? ____________________

2. യേശു തരുന്നതായ പാപമോചനവും നിത്യജീവനും ലഭിക്കുവാൻ നാം ആദ്യം എന്തു ചെയ്യണം? (യോഹന്നാൻ 3:16, 17; 8:24)

   ________________________________________

   യേശു ആരാണെന്നാണ് നാം വിശ്വസിക്കേണ്ടത്? (മത്തായി 1:18-25)

   ________________________________________

   യേശുവിൽ വിശ്വസിക്കേണ്ട പ്രാധാന്യം എന്താണ്? (യോഹന്നാൻ 14:6; പ്രവൃത്തികൾ 4:12)

   ________________________________________

   നമുക്കു പാപമോചനം ലഭിക്കുവാൻ യേശു എന്തു ചെയ്തു എന്നാണ് നാം വിശ്വസിക്കേണ്ടത്? (മത്തായി 20:28; റോമർ 5:8, 9)

   ________________________________________

   നിങ്ങൾ യേശുവിൽ വിശ്വസിക്കുന്നുണ്ടോ? ____________________

3. യേശുവിനോടുള്ള പ്രതികരണത്തിൽ നിങ്ങളുടെ അടുത്ത പടി എന്താണ്? (പ്രവൃത്തികൾ 17:30; 26:20)

---

എന്താണ് മാനസാന്തരം, അതെന്തുകൊണ്ട് ആവശ്യമാണ്? (പ്രവൃത്തികൾ 3:19; ലൂക്കൊസ് 13:3)

---

മാനസാന്തരപ്പെടുവാൻ നമ്മെ പ്രേരിപ്പിക്കുന്നതെന്തെല്ലാമാണ്? (റോമർ 2:4; 2 തെസലൊനികൃർ 1:7-9; 1 പത്രൊസ് 1:18, 19)

---

യേശുവിനെ ക്രൂശിൽ തറെക്കുവാനിടയാക്കിയ പാപത്തിൽ നിന്നു നിങ്ങൾ വിട്ടുതിരിഞ്ഞു യേശുവിനെ പിൻപറ്റുമോ? __________

4. യേശുവിന്റെ പാപമോചനം ലഭിക്കുന്നതിനുള്ള മൂന്നാമത്തെ പടി എന്താണ്? (റോമർ 10:9, 10)

---

യേശുവിനെയും അവനോടു നമുക്കുള്ള ബന്ധത്തെയും പ്രാധാന്യമുള്ളതായി കാണേണ്ടതു എന്തുകൊണ്ട്? (മത്തായി 10:32, 33; 1 തിമൊഥെയൊസ് 6:12, 13)

---

ക്രിസ്തുവിലുള്ള നിങ്ങളുടെ വിശ്വാസം ഏറ്റുപറയുവാൻ നിങ്ങൾ തയ്യാറാണോ? __________

5. വിശ്വാസത്തിന്റേയും അനുസരണത്തിന്റേയും പ്രവൃത്തികളുടെ അവസാനം എപ്പോഴാണ് പാപമോചനവും രക്ഷയും ലഭിക്കുന്നത്? (മർക്കൊസ് 16:16; പ്രവൃത്തികൾ 2:38)

---

സ്നാനത്തിന്റെ ഉദ്ദേശം ബൈബിൾ പ്രകടിപ്പിക്കുന്നത് എങ്ങനെ? (പ്രവൃത്തികൾ 22:16)

---

ബൈബിൾ സ്നാനം വെള്ളം കോരി ഒഴിക്കലോ, തളിക്കലോ അതോ മുങ്ങലോ? (പ്രവൃത്തികൾ 8:35-39; റോമർ 6:3, 4)

---

യേശുവിന്റെ മരണം, അടക്കം, ഉയിർത്തെഴുന്നേല്പു എന്നിവയുമായി സ്നാനം എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു എന്നാണ് ബൈബിൾ പറയുന്നത്? (റോമർ 6:3-11)

---

**നിങ്ങളുടെ പ്രതികരണം**

ഇപ്പോൾ ദൈവം, അവന്റെ വചനത്താൽ, രക്ഷയും പാപമോചനവും കിട്ടുവാൻ യേശുവിനോടു എങ്ങനെ പ്രതികരിക്കണമെന്നു കാണിച്ചിരിക്കുന്നു, നിങ്ങൾ പാപത്തിൽ നിന്നു വിട്ടുതിരിഞ്ഞു യേശുവിനെ അനുഗമിക്കുവാൻ തയ്യാറാണോ?

നിങ്ങൾ അവനെ കർത്താവായി അംഗീകരിച്ചു സ്നാനത്താൽ അവന്റെ രക്ഷാപ്രവൃത്തിക്കും നിങ്ങളുടെ പാപമോചനത്തിനും അവനോടുകൂടെ അടക്കപ്പെടുവാനും ഉയിർത്തെഴുന്നേല്ക്കുവാനും, തയ്യാറാണോ?

ക്രിസ്ത്യാനികളുടെ ഔദാര്യത്താൽ ട്രൂത്ത് ഫോർ ടുഡേ വേൾഡ് മിഷൻ സ്ക്കൂളിന് സൗജന്യമായി ബൈബിൾ പഠന പദ്ധതി നല്കുവാൻ കഴിഞ്ഞു. താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ എഴുതി തന്നാൽ നിങ്ങളുടെ വിലാസം ഞങ്ങൾ അയക്കുന്ന ലിസ്റ്റിൽ നിങ്ങളുടേതും ഉൾപ്പെടുത്താൻ കഴിയും.

ദയവായി വർഷത്തിൽ ഒരിക്കൽ എങ്കിലും ഞങ്ങൾക്കെഴുതിയാൽ നിങ്ങളുടെ വിലാസവും മറ്റും ശരിയാണെന്ന് ഞങ്ങൾക്കുറപ്പാക്കുവാനും ഈ പഠന പദ്ധതി നിങ്ങളുടെ പഠനത്തിൽ എങ്ങനെ സഹായിക്കുന്നു എന്ന് ഞങ്ങൾക്ക് അറിയുവാനും കഴിയും. കർത്താവിനായി നിങ്ങൾ ചെയ്യുന്ന വേലയെ ദൈവം അനുഗ്രഹിക്കട്ടെ.

ഒന്നു അടയാളപ്പെടുത്തുക ☐ പുരുഷൻ ☐ സ്ത്രീ

പേര്: ____________________

പൂർണ്ണമായ വിലാസം: ____________________

____________________

____________________

____________________

(അഡ്രസ് മാറുമ്പോൾ) പഴയ അഡ്രസും എഴുതുക: ____________________

____________________

____________________

____________________

ഈ – മെയിൽ അഡ്രസ്: ____________________

നിങ്ങൾ പങ്കെടുക്കുന്ന സഭ? ____________________

സ്ഥലം ഏത്? ____________________

ഉപദേഷ്ടാവിന്റെ പേര്: ____________________

നിങ്ങൾ പങ്കെടുക്കുന്ന ഇടവകയിലെ നിങ്ങളുടെ പങ്ക് എന്ത്? (നിങ്ങളെ ബാധിക്കുന്നതെല്ലാം അടയാളപ്പെടുത്തുക):

☐ ഉപദേഷ്ടാവ് ☐ അംഗം
☐ ബൈബിൾ ക്ലാസ് അദ്ധ്യാപകൻ ☐ അംഗമല്ല

നിങ്ങൾക്കു ഇപ്പോൾ ട്രൂത്ത് ഫോർ ടുഡെ വേൾഡ് മിഷൻ സ്ക്കൂൾ തുടർച്ചയായി കിട്ടുന്നുണ്ടോ? (ഒന്ന് മാത്രം അടയാളപ്പെടുത്തുക):

- ❑ ഇല്ല
- ❑ ഉണ്ട്, നേരിട്ട് എനിക്കു തപാലിൽ കിട്ടുന്നു
- ❑ ഉണ്ട്, വിതരണം ചെയ്യുന്നത്

---

ഈ പുസ്തകം ഏതു ഭാഷയിൽ കിട്ടണമെന്നാണ് നിങ്ങൾ ആഗ്രഹിക്കുന്നത്? (ഒന്ന് മാത്രം അടയാളപ്പെടുത്തുക):

- ❑ ഇംഗ്ലീഷ്
- ❑ ഹിന്ദി
- ❑ കന്നഡ
- ❑ മലയാളം
- ❑ തമിഴ
- ❑ തെലുങ്ക്

നിങ്ങൾക്ക് കിട്ടുന്ന പുസ്തകം നിങ്ങൾ എങ്ങനെ ഉപയോഗിക്കുന്നു?

---

നിരന്തരമായി ഈ പുസ്തകം ലഭിക്കണമെന്ന് ആഗ്രഹിക്കുന്ന മറ്റുള്ളവരെ നിങ്ങൾക്ക് അറിയാമെങ്കിൽ, ദയവായി അവർക്കുവേണ്ടി ഈ ഫോമിന്റെ കോപ്പി എടുത്തു അവരുടെ വിലാസം എഴുതി അയക്കുക. പൂരിപ്പിച്ച ഫോം അതാതു ഭാഷയിലെ:

ട്രൂത്ത് ഫോർ ടുഡെ വേൾഡ് മിഷൻ സ്കൂൾ,
തമ്പുരാൻമുക്ക്,
തിരുവനന്തപുരം - 695 035, കേരള, ഇന്ത്യ.

© 2009 Truth for Today